"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — കതിരൂർ ഗ്രാമപഞ്ചായത്ത് - 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.17- തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.546/2023/LSGD തീയതി,തിരുവനന്തപുരം, 04-03-2023

---

പരാമർശം:-

1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.02.2022 ലെ പി എ എൻ/1506/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28.11.2022 ലെ ഡി.കെ.എസ്.എ 2904/പി.റ്റി3(പി.റ്റി2)/2021 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിൽ 3 അംഗീകൃത പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികകൾ നിലവിലുണ്ടായിരിക്കെ, 04/2008 മുതൽ 01/2009 വരെയുള്ള കാലയളവിൽ ദിവസവേതനനിരക്കിൽ റോഡ് സ്വീപ്പിംഗിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 19,220/- രൂപ, 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ കതിരൂർ ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള സ്ഥിരം തസ്തികയിൽ സ്ഥിരനിയമനത്തിന് കാലതാമസം നേരിട്ടപ്പോൾ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ദിവസവേതനത്തിന് ആളെ നിയോഗിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വേതനം നൽകുകയായിരുന്നുവെന്നും മാലിന്യ സംസ്കരണത്തിന് ചിട്ടയായ പ്രവർത്തനം നടത്തിയതിലൂടെ നിർമ്മൽ പുരസ്കാരം, ശുചിത്വ പദവി എന്നിവ നേടിയ പഞ്ചായത്താണ് കതിരൂർ ഗ്രാമപഞ്ചായത്തെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലെ മൂന്ന്സ്ഥിരം തസ്തികകളിലും സ്ഥിരം ജീവനക്കാരാണ് ജോലി ചെയ്ത് വരുന്നതെന്നും ദിവസവേതനത്തിൽ റോഡ് സ്വീപ്പറെ നിയമിച്ചതിലൂടെ പഞ്ചായത്തിനോ സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്ന് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് സാധൂകരണം ലഭ്യമാക്കാൻ ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ ( റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ച കാലയളവിൽ രണ്ട് സ്ഥിരം പാർട്ട് ടൈം റോഡ് സ്വീപ്പർമാർ മാത്രമാണ് ജോലി ചെയ്തിരുന്നതെന്നും പകർച്ചവ്യാധികൾ പടർന്നു

പിടിക്കാതിരിക്കാൻ പരിസര ശുചീകരണം അനിവാര്യമായതിനാലാണ് ദിവസവേതനത്തിന് ആളെ നിയോഗിച്ചതെന്നും ചിട്ടയായ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിലൂടെ നിർമ്മൽ പുരസ്കാരം, ശുചിത്വ പദവി എന്നിവ നേടിയ കതിരൂർ ഗ്രാമപഞ്ചായത്തിന് ഇത്തരമൊരു നടപടിയിലൂടെ സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല എന്നുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിരീക്ഷണത്തിന് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി അനുകൂല ശിപാർശ നൽ കിയിട്ടുളളതിനാലും കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ എതിരഭിപ്രായമില്ലെന്ന് പരാമർശം ( 2 ) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ഡയറക്ടർ (റൂറൽ ) തദ്ദേശ സ്വയംഭരണ വകുപ്പ് , സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ പരിസര ശുചീകരണം അനിവാര്യമായതിനാലാണ് ദിവസവേതനത്തിന് ആളെ നിയോഗിച്ചതെന്നും ചിട്ടയായ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിലൂടെ നിർമ്മൽ പുരസ്കാരം, ശുചിത്വ പദവി എന്നിവ നേടിയ കതിരൂർ ഗ്രാമപഞ്ചായത്തിന് ഇത്തരമൊരു നടപടിയിലൂടെ സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല എന്നുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിരീക്ഷണത്തിന് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി അനുകൂല ശിപാർശ നൽകിയിട്ടുളളതിനാലും കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം തടസ്സപ്പെടുത്തിയ **19,220/- (പത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം) രൂപയുടെ** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കതിരൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ **( എ & ഇ/ഓഡിറ്റ് )** കേരള **,** തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ